Syro Malabar Commission for Liturgy



# നോമ്പ് മൂന്നാം ഞായർ

ഈശോയുടെ ജറുസലേം യാത്രയാണ് സുവിശേഷപശ്ചാത്തലം. മൂന്നുകാര്യങ്ങളാണ് സംഭവിക്കുന്നത്. പീഡാനുഭവപ്രവചനം, സെബദിപുത്രന്മാരുടെ അഭ്യർത്ഥന, ഈശോയുടെ ശിഷ്യത്വത്തെക്കുറിച്ചുള്ള പ്രബോധനം. തങ്ങളെ സ്വർഗരാജ്യത്തിൽ വലത്തുവശത്തും ഇടത്തുവശത്തും ഇരുത്തണമെന്ന് അപേക്ഷിച്ച സെബദിപുത്രന്മാരായ യാക്കോബും, യോഹന്നാനും അവരുടെ ആവശ്യത്തിൽ അസൂയതോന്നിയ ബാക്കിപത്തുശിഷ്യന്മാരും ഒന്നുപോലെ അപൂർണരായിരുന്നുവെന്ന് ജോൺ ക്രിസോസ്തോം പ്രസ്താവിക്കുന്നു. എളിമയിലേയ്ക്കുള്ള ഒരു പ്രോത്സാഹനവും മുന്നറിയിപ്പുമായി സെബദിപുത്രന്മാരുടെ അഭ്യർഥനയ്ക്കുള്ള ഈശോയുടെ മറുപടി നിലകൊള്ളുന്നതായി അലക്സാണ്ട്രയിയിലെ സിറിൽ വ്യക്തമാക്കുന്നു.

ഈശോയുടെ ശിഷ്യത്വത്തിന്റെ ബാലപാഠങ്ങൾ മന:പാഠമാക്കിയ സെബദിപുത്രന്മാരും സലോമിയും പിന്നീട് ഗുരുവിനെ അടുത്തനുഗമിക്കുന്നു. ഈ അനുഗമിക്കലിന്റെ സാക്ഷ്യപത്രമായി യാക്കോബ് ശ്ലീഹാ എ.ഡി 42-ൽ ഹേറോദേസ് അഗ്രിപ്പായാൽ വധിക്കപ്പെടുകയും, ശിഷ്യഗണത്തിലെ പ്രഥമരക്തസാക്ഷിയാവുകയും ചെയ്തു (അപ്പ 12: 2). സഭാപിതാവായ തെർത്തുല്ല്യന്റെ അഭിപ്രായപ്രകാരം യോഹന്നാൻശ്ലീഹായെ തിളയ്ക്കുന്ന എണ്ണയിൽ മുക്കിയതിനുശേഷം പാത്മോസ് ദ്വീപിലേക്ക് നാടുകടത്തുകയാണ് ചെയ്തത്. ഇപ്രകാരം യാക്കോബും യോഹന്നാനും കുരിശിന്റെ മാർഗത്തിലൂടെ സഞ്ചരിച്ച് ക്രിസ്തുശിഷ്യത്വത്തിൽ പൂർണ്ണത പ്രാപിക്കുന്നു. സെബദിപുത്രന്മാരുടെ അമ്മയായ സലോമിയും ഈശോയുടെ കുരിശിനരികിലൂടെ യാത്ര ചെയ്തും, ഈശോയുടെ ശരീരം സുഗന്ധകൂട്ടുകൾകൊണ്ട് അഭിഷേകം ചെയ്തു ശിഷ്യത്വത്തിന്റെ ഉദാത്തമാതൃകയായിത്തീരുന്നു.

ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്